(ബി) ഒറ്റപ്പെട്ട വനമേഖലയിൽ താമസിക്കുന്ന ആദിവാസികളുമായി ഇക്കാലത്ത് ബന്ധപ്പെടുന്നതിനോ, സ്ഥിതി മനസ്സിലാക്കുന്നതിനോ സംവിധാനം എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉരുൾപൊട്ടൽ ഉണ്ടാകാൻ സാധ്യതയുള്ള മേഖലകളിൽ കഴിയുന്നവർക്ക് മുന്നറിയിപ്പു നൽകുന്നതിനോ, ഉരുൾപൊട്ടൽ ഉണ്ടായാൽ ആശ്വാസം എത്തിക്കുന്നതിനോ ആവശ്യമായ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പേമാരിമൂലം ദുരിതമനുഭവിക്കുന്ന ആദിവാസികൾക്ക് ഭക്ഷ്യവസ്തുക്കൾ സൗജന്യമായി എത്തിച്ചുകൊടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) കാലവർഷക്കെടുതികൾ ഉണ്ടാകുമ്പോൾ അടിയന്തിര ധനസഹായം എത്തിക്കുന്നതിനും ഭവനരഹിതരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഇടുക്കി ജില്ലയിൽ ഹെൽത്ത് വർക്കർമാരുടേയും വയനാട്, പാലക്കാട് ജില്ലകളിൽ സോഷ്യൽ ആക്ടിവിസ്റ്റുകളുടേയും സേവനം ലഭ്യമാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കാലവർഷക്കാലത്ത് ഭക്ഷ്യധാന്യ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിന് പട്ടികവർഗ്ഗ മേഖലകളിൽ ആവശ്യമായ ഭക്ഷ്യസാധനങ്ങൾ കരുതൽ ശേഖരമായി സൂക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ മൂന്നാഴ്ചത്തേക്ക് റേഷൻ സാധനങ്ങൾ മുൻകൂറായി ശേഖരിച്ച് വയ്ക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഒറ്റപ്പെട്ടു പോകുന്ന കോളനികളിൽ സൗജന്യറേഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പഞ്ചമാസങ്ങളിൽ "ഫുഡ്സപ്പോർട്ട് പ്രോഗ്രാം" മുഖേന ആവശ്യമായ പ്രദേശങ്ങളിൽ സൗജന്യമായി ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പെട്ടുപോകുന്ന ആദിവാസികളുടെ സ്ഥിതി മനസ്സിലാക്കാൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു. ഇടുക്കി ജില്ലയിൽ കാലവർഷക്കെടുതി സംഭവിക്കുന്ന സ്ഥലങ്ങളിൽ അടിയന്തിര ദുരിതാശ്വാസമെത്തിക്കുന്നതിന് ജില്ലയിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഒരു സ്കാഡ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ സോഷ്യൽ ആക്റ്റിവിസ്റ്റുകൾ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

(സി) ഉരുൾപൊട്ടൽ ഭീഷണിയുള്ള മേഖലകളിൽ താമസിക്കുന്നവരെ മഴക്കാലത്ത് മാറ്റി പാർപ്പിക്കുന്നതിന് സഹായം നൽകാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം റവന്യൂ വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

12 (*322) സ്പെഷ്യൽ ടീച്ചേഴ്സ് നിയമനം

ശ്രീ. പി. നാരായണൻ :

ശ്രീ. എൻ. അനിരുദ്ധൻ :

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ പ്രൈമറി സ്കൂളുകളിൽ വർഷങ്ങളായി ജോലി ചെയ്തുകൊണ്ടിരിക്കുന്ന തയ്യൽ ടീച്ചർമാർ ഉൾപ്പെടെയുള്ള സ്പെഷ്യൽ ടീച്ചേഴ്സിന്റെ നിയമനം അംഗീകരിക്കാത്തതുമൂലം അവർ കഷ്ടത അനുഭവിക്കുകയാണെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതി പരിഹരിക്കുന്നതിലേക്ക് ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രൈമറി സ്കൂളുകളിൽ സ്പെഷ്യൽ ടീച്ചേഴ്സിനെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) വ്യവസ്ഥകൾ പാലിച്ച് നടത്തുന്ന അദ്ധ്യാപക നിയമനത്തിന് അംഗീകാരം നൽകാതിരിക്കുന്നത് ശരിയല്ലെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ;

(ഇ) എങ്കിൽ അപ്രകാരമുള്ള അപാകതകൾ പരിഹരിക്കുന്നതിന് കാലവിളംബം കൂടാതെ നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) പരാതി പരിശോധിച്ചുവരുന്നു.

(സി) നിലവിലുള്ള നിയമപ്രകാരം എൽ.പി. സ്കൂളിൽ സ്പെഷ്യലിസ്റ്റ് തസ്തിക അനുവദനീയമല്ല. യു.പി. സ്കൂളിൽ 500 വിദ്യാർത്ഥികളുണ്ടെങ്കിൽ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറുടെ തസ്തിക അനുവദിക്കാം. അതിൽ 200 വിദ്യാർത്ഥിനികൾ ഉണ്ടെങ്കിൽ ഒരു തയ്യൽ അദ്ധ്യാപക തസ്തിക അനുവദിക്കാം.

(ഡി) വ്യവസ്ഥകൾ അനുസരിച്ച് നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നുണ്ട്.

(ഇ) നിലവിലുള്ള നിബന്ധനകൾ പരിഷ്കരിക്കുന്ന കാര്യം സർക്കാർ ആലോചിച്ചുവരുന്നു.

13 (*323) വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകി വരുന്ന അഡീഷണൽ ബിൽ

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് ഇപ്പോൾ നൽകിവരുന്ന അഡീഷണൽ ബിൽ ഒഴിവാക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകിവരുന്ന അഡീഷണൽ ബിൽ ഒഴിവാക്കുന്നതിലൂടെ ബോർഡിന് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly